കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# മൈലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**e-mail:doklm.ksad@kerala.gov.in**

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി.11/1944/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി 13/03/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൈലം ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മൈലം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം മൈലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളി ലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്നഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം-പി.11/1944/18 തീയതി -13/03/2019

## കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ തനതുഫണ്ട് രസീതികളുടെ പരിശോധന 01.04.2017 മുതൽ 20.10.2018 വരെ പൂർത്തിയാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യു റോയി. കെ.പി,<br>ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.10.18 മുതൽ 31.10.18 വരെ | |
| ഓഡിറ്റ് നടത്തിയ | ശ്രീമതി. അജി . | ഓഡിറ്റ് |

| | | |
|---|---|---|
| | കെ.എസ്സ് | ഓഫീസർ(ഹ.ഗ്രേ.) |
| ഉദ്യോഗസ്ഥർ | ശ്രീ. ശശിജോഷ് എ | അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീമതി. അമ്പിളി ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അന.കെ.ആനന്ദ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ഗിരിജ മുരളീധരൻ | 01.04.17മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ. അജിതകുമാർ സി | 01.04.17മുതൽ 02.08.18 വരെ |
| | ശ്രീ.വിനയചന്ദ്രൻ വി എസ് | 03.08.18മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിൽ കുമാർ ആർ | 01.04.17മുതൽ 30.11.17 വരെ |
| | ശ്രീ.ഷാനവാസ് ഇ | 01.12.17മുതൽ 20.01.18 വരെ |
| | വേക്കന്റ് | 21.01.18 മുതൽ 26.01.18 വരെ |
| | ശ്രീ.ബോബി ഫ്രാൻസിസ് | 27.01.18മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പ്രിയ എൽ | 01.04.17മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ചിത്ര കെ ആർ | 01.04.17മുതൽ 31.03.18 വരെ |
| വെറ്റിനറി സർജൻ | ഡോ.രാജീവ് എം | 01.04.17മുതൽ |

| | | |
|---|---|---|
| | | 31.03.18 വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി.ഇന്ദിര വി | 01.04.17മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശ്രീ.ശിഖിൽ രാജ് എസ്സ് | 01.04.17മുതൽ 31.03.18 വരെ |
| എച്ച്.എം | ശ്രീ.ജയിംസ് ജോർജ്ജ് | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ബി.എസ്സ്.ബിൻസി | 01.04.17മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ | ഡോ.രമാദേവി എ.വി | 01.04.17മുതൽ 13.08.17 വരെ |
| | ശ്രീമതി കെ.പി ബീന | 14.08.17മുതൽ 31.03.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി കെ.പി ബീന | 01.04.17മുതൽ 13.08.17 വരെ |
| | ശ്രീമതി.മീര.വി.ആർ | 14.08.17മുതൽ 31.03.18 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യ പത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-12 |
| | ഭാഗം -2 | |
| 13 | ആമ്പുലൻസ് വരുമാനം ഈടാക്കുന്നതിൽ ക്രമക്കേട് | 2-1 |
| 14 | താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിച്ച 7,46,313/- രൂപ – തിരികെ ഈടാക്കിയിട്ടില്ല. | 2-2 |
| | ഭാഗം -3 | |
| 15 | പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതി-സ്വകാര്യവ്യക്തിയുടെ പറമ്പിൽ കുഴിച്ച കിണറിൽ വെള്ളമില്ല പദ്ധതി പൂർത്തീയാക്കിയില്ല | 3-1 |
| 16 | സ്ട്രീറ്റ് മെയിൻസ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കിയില്ല | 3-2 |
| 17 | ഇ. എം. എസ്. ലോണിനു വേണ്ടി ആരംഭിച്ച അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു. | 3-3 |
| 18 | വാങ്ങിയ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല | 3-4 |
| 19 | അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിൽ 2,30,068/-രൂപ ബാക്കി നിൽക്കുന്നു. | 3-5 |

| | | |
|---|---|---|
| 20 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവു രേഖകൾ ലഭ്യമല്ല | 3-6 |
| 21 | പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗരേഖകൾ ലഭ്യമല്ല | 3-7 |
| 22 | ബയോഗ്യാസ് പ്ലാന്റ് -വകയിരുത്തിയ തുക ലഭ്യമായില്ല | 3-8 |
| 23 | പഠനമുറി -അഡ്വാൻസ് തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. | 3-9 |
| 24 | തുടർവിദ്യാകേന്ദ്രങ്ങളിലെ കുട്ടികൾക്ക് രജിസ്ട്രേഷൻ ഫീസ് നൽകൽ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല. | 3-10 |
| 25 | വീട്ടു പുനരുദ്ധാരണം -പണി നടത്തിയിട്ടില്ല | 3-11 |
| 26 | പഞ്ചായത്ത് ഓഫീസ് നവീകരണം-അപാകതകൾ | 3-12 |
| 27 | ജനറേറ്റർ സ്ഥാപിച്ചതിന് സംരക്ഷണവേലി കെട്ടിയില്ല | 3-13 |
| 28 | ബാക്ടോമീറ്റർ വാങ്ങൽ - ക്വട്ടേഷൻ നിരക്കിനേക്കാൾ അധികം തുക നൽകി. | 3-14 |
| 29 | പച്ചക്കറി കൃഷി - കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിയും വാങ്ങി നൽകിയ വിത്തുകളുടെയും തൈകളുടെയും എണ്ണവും തമ്മിൽ ഗണനീയമായ പൊരുത്തക്കേടുകൾ | 3-15 |
| 30 | പൊലിയോ പൊലി-പദ്ധതി നടപ്പിലാക്കിയില്ല. | 3-16 |
| 31 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പ്രോജക്ടുകൾ - മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-17 |
| 32 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-18 |
| | ഭാഗം -4 | |
| 33 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 43 | അനുബന്ധം-1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 44 | അനുബന്ധം - 2 | 2 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 -ലെ ബജറ്റ് 27.03.18 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.18 | 07.06.18 | ----- | ----- |

### 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.18 മുതൽ 19.06.18 വരെ | കെ.എസ്.എ.കെ.എൽ.എം. പി.11/1223/18 തീയതി 09.07.18 |

### 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,11,58,974 |
| വരവ് | 8,39,69,092 |
| ആകെ | 10,51,28,066 |
| ചെലവ് | 9,40,80,603 |
| നീക്കിയിരിപ്പ് | 1,10,47,463 |

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 20859000 | 20859000 | 17254272 | 3604728 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 14337240 | 14337240 | 13453435 | 883805 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12018000 | 12018000 | 11831539 | 186461 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4514000 | 4514000 | 3698025 | 815975 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9725647 | 9725647 | 9660330 | 65317 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 27331689 | 27331689 | 27331689 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 159822 | 897356 | 1057178 | 1056020 | 1158 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | റ്റി.എസ്.പി | 2704327 | 931394 | 3635721 | 970403 | 2665318 |
| | ഐ.സി.ഡി.എസ് | 2287452 | 1242670 | 3530122 | 1444589 | 2085533 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | ശുചിത്വമിഷൻ | 132000 | 154900 | 286900 | 129900 | 157000 |
| | കേരളോത്സവം | 0 | 15000 | 15000 | 15000 | 0 |
| | മറ്റ് ഏജൻസികൾ | 147693 | 12500 | 160193 | 135193 | 25000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 180500 | 180500 | 180500 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 380500 | 380500 | 380500 | 0 |
| ബി ഫണ്ട് | | 0 | 369240 | 369240 | 369240 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 10556242 | 13061242 | 23617484 | 22654573 | 962911 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5171438 | 66723790 | 71895228 | 10847084 | 61048144 |
| | ട്രഷറി അക്കൗണ്ട് | - | - | - | - | - |
| മറ്റിനം | | 0 | - | - | - | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | ശതമാനം |
|---|---|---|---|---|---|---|
| 274 | 103004421 | 176 | 61889331 | 13 | 85 | 64.23 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 159822 | 897396 | 1057178 | 1056020 | 1158 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 27331689 | 27331689 | 27331689 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 99,240 | 167 |
| കർഷകതൊഴിലാളി പെൻഷൻ | 63,89,100 | 560 |
| വിധവാപെൻഷൻ | 1,64,15,100 | 1546 |
| വാർദ്ധക്യകാലപെൻഷൻ | 2,91,99,300 | 2635 |
| വികലാംഗപെൻഷൻ | 48,15,400 | 429 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9,67,800 | 92 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.18 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരം 4,830/- രൂപയുടെ നീക്കിയിരുപ്പ് ഉണ്ടായിരുന്നു. എന്നാൽ പണമായി 4,826/- രൂപയാണ് ഉണ്ടായിരുന്നത്.ആയതിന് നൽകിയ വിശദീകരണത്തിൽ നികുതി

സ്വീകരിച്ചതിൽ വന്ന പിഴവുമൂലം 4 രൂപ കുറവായാണ് ഈടാക്കിയതെന്നും ആയത് ഉൾപ്പെടെ 4,830/- രൂപ കാഷ്യറെ ഏൽപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചു. പണം വളരെ കൃത്യതയോടുകൂടി കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജനരേഖ പ്രകാരം ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വ്യക്തമായ അക്കൌണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൌച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്,ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങിസൂക്ഷിക്കുന്നുണ്ട്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മേറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്റ്റിവിറ്റി പ്ലാൻ ,സോഷ്യൽമാപ്പ് ഇവ കാലികമല്ല.വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. കരാർ ജീവനക്കാരുടെ സേവനപുസ്തകം സൂക്ഷിക്കാത്തതിനാൽ സേവനവിവരങ്ങൾ, അനുവദിച്ച അവധിയുടെ വിവരങ്ങൾ അവധിസറണ്ടർ എന്നിവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും

നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.10.18 | 09/2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.14 | 2012-13 | 07.05.14 |

## 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഖണ്ഡിക 1-3 പ്രകാരമുള്ള വാർഷികധനകാര്യ സാക്ഷ്യപത്രത്തിലുള്ള താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കാൻ അവശേഷിക്കുന്നു.

1. മുൻവർഷത്തെ ബി-1 ഷെഡ്യൂളിലെ Excess of income over Expenditure നീക്കിയിരുപ്പായി 61,65,489/-രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, തൻവർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് മുന്നിരിപ്പായി 61,67,489/-രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ടി വ്യത്യാസം തൻവർഷത്തെ ബാലൻസിലും നിലനിൽക്കുന്നു.

2.Property tax on Residential & Non Residential building (Arrear & Current) വാർഷിക ധനകാര്യപത്രികയും സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

3.Property tax on Residential & Non Residential building കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക ബാലൻസ് ഷീറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. Property tax on Residential building പ്രകാരം 24,19,474/-രൂപ അരിയർ ഇനത്തിൽ ലഭിക്കാനുള്ളതിൽ തൻവർഷം ലഭിച്ച തുക 15,94,635/-രൂപയാണ്. നീക്കിയിരുപ്പിനത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടതിന് പകരം 8,27,508/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

Property tax on Non Residential building അരിയർ ഇനത്തിൽ ലഭിക്കാനുള്ള 20,79,658/-രൂപ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിന് പകരം 6,07,177/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4.Usufructs of trees എന്ന ഇനത്തിനായി 1,500/-രൂപ വരവു വന്നതായി

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ RP -43 പ്രകാരം ഈയിനത്തിൽ വരവില്ല. I-5 (b) ഷെഡ്യൂളിൽ 340/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

5.ഷെഡ്യൂൾ I-6 State sponsored Schemes – Pension for unmarried women aged 50 years – 708300 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ DBT Statement പ്രകാരം ആയത് 9,67,800/-രൂപയാണ്. 2,59,500/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

6.തൻവർഷത്തെ ബി-7 ഷെഡ്യൂളിൽ ഉൾപ്പെടുന്ന Suppliers EMD, other deposits, Bidders EMD എന്നീ ഇനങ്ങളിലെ നീക്കിയിരുപ്പ് തുകയും രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. (രജിസ്റ്ററിൽ സംക്ഷിപ്തം വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു.)

7. തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ തേയ്മാനച്ചെലവ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.താമരക്കുടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എസ്.ബി.ഐ അക്കൗണ്ടിലെ 2007-08 മുതൽ 31.03.2018 വരെയുള്ള നീക്കിയിരിപ്പ് തുകയ്ക്ക് പലിശ കണക്കാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ എസ്.ബി 717 ആംബുലൻസ് അക്കൗണ്ടിന്റെ 2012-13 മുതൽ 06.12.2016 വരെയുള്ള പലിശ കണക്കാക്കി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ആസ്തി ഇനത്തിൽ ഉൾപ്പെടുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

10.ക്ലോസിംഗ് സ്റ്റോക്കിന്റെ വിശദാംശങ്ങൾ ബി-14 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത സാക്ഷ്യപത്രത്തിലുൾപ്പെടാത്ത വാർഷിക ധനകാര്യപത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1. ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച എല്ലാ തുകയും വാർഷികധനകാര്യ-പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ആമ്പുലൻസ് വരുമാനം ഈടാക്കുന്നതിൽ ക്രമക്കേട്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 20(1)(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച്

എഴുതിയവയുമായിരിക്കണം. അസൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്.

എന്നാൽ മൈലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംമ്പുലൻസിന്റെ വരവ് തുകകൾ, പഞ്ചായത്ത് സ്വന്തമായി അച്ചടിച്ച രസീതുകൾ പ്രകാരമാണ് ഈടാക്കുന്നത്. പ്രസ്തുത രസീത് ബുക്കുകളിലെ രസീതിന് മെഷീൻ നമ്പർ നൽകിയിട്ടുണ്ടെങ്കിലും രസീത് ബുക്കുകൾക്ക് നമ്പർ നൽകിയിട്ടില്ല. ടി രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് ആമ്പുലൻസിന്റെ പിരിവിനു വേണ്ടി അച്ചടിച്ച രസീതുകളുടെ ചെലവ് വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ആംമ്പുലൻസ് വരവ് പിരിവിനായി പഞ്ചായത്തിൽ നിന്നും നൽകിയ രസീത് ബുക്കുകളുടെ എണ്ണം, ടി പിരിവിന്റെ കൃത്യത എന്നിവ പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

പരിശോധനയ്ക്ക് ലഭ്യമാക്കിയ രസീത് ബുക്കുകൾ പ്രകാരമുള്ള വരവ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.രസീതിന്റെ അസൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അസൽ കക്ഷികൾക്ക് നൽകിയശേഷം ഡ്യൂപ്ലിക്കേറ്റാണ് പഞ്ചായത്തിൽ സൂക്ഷിക്കുന്നത്.

2.രസീത് ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചല്ല എഴുതുന്നത്.

3.1901 നമ്പർ രസീതിന്റെ ഡ്യൂപ്ലിക്കേറ്റിൽ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. ടി രസീതിന്റെ അസൽ ബുക്കിൽ ലഭ്യമല്ല. എന്നാൽ കളക്ഷൻ രജിസ്റ്ററിൽ ടി രസീത് പ്രകാരം 448/- രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. രസീത് പ്രകാരം എത്ര തുകയാണ് പിരിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാകുന്നില്ല. ഇത് രസീത് പിരിവിലെ ഗുരുതരവീഴ്ചയാണ്.

4. 02.06.17 ലെ 1993 നമ്പർ രസീത് പ്രകാരം വരവ് വന്ന 2380/- രൂപ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടില്ല. കൂടാതെ മേൽ രസീതിൽ തുക അടവാക്കിയ ആളിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

5. രസീത് പ്രകാരമുള്ള വരവിന്റെ കൃത്യത മേലുദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ആമ്പുലൻസ് വരവുകൾ ഈടാക്കുന്നത് അടിയന്തിരമായി ആധികാരികമായ രസീതുബുക്കിലേക്ക് മാറ്റേണ്ടതാണ്.
രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അടവാക്കാൻ അവശേഷിക്കുന്ന 2,380/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി മേൽ അപാകതകൾക്ക് വിശദീകരണം സഹിതം വിശദവിവരങ്ങൾ ആദ്യമറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. ക്രമനം. (3) പ്രകാരമുള്ള

അപാകതക്ക് ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം തേടേണ്ടതാണ്. ഇക്കാര്യത്തിൽ അധികൃതരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

### 2-2 <u>താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിച്ച 7,46,313/- രൂപ – തിരികെ ഈടാക്കിയിട്ടില്ല.</u>

താമരക്കുടി സർവ്വീസ് സഹകരണബാങ്ക് നിലവിൽ പ്രവർത്തനം ഇല്ലാത്തതും അഡ്മിനിസ്ട്രേറ്റർ ഭരണം നടത്തി വരുന്നതുമാണ്. എന്നാൽ 2017-18 വാർഷികധനകാര്യപത്രിക പ്രകാരവും പ്രസ്തുത ബാങ്കിൽ അക്കൗണ്ട് നമ്പർ 1 പ്രകാരം 7,46,313/- രൂപ നീക്കിയിരുപ്പുള്ളതായി കാണുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടിബാലൻസ് തുക പലിശ സഹിതം ലഭ്യമാക്കുവാൻ ബഹു. കേരള ഹൈക്കോടതിയിൽ WPC 2780/2016 നമ്പർ റിട്ട് പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘം രജിസ്ട്രാറുടെ 03.11.16 സി.പി(6) 34719/2016 നമ്പർ ഉത്തരവ് പ്രകാരം 7,46,313/- രൂപ പഞ്ചായത്തിന് ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് എന്നും അറിയിച്ചു. എന്നാൽ നാളിതുവരെ തുക ലഭ്യമാക്കാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 07.07.18 ലെ എ3.3185/17 -ാം നമ്പർ പ്രകാരം താമരക്കുടി സർവ്വീസ് സഹകരണബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കൺവീനർക്ക് കത്ത് നൽകിയിട്ടുണ്ട്.

താമരക്കുടി സർവ്വീസ് സഹകരണബാങ്കിൽ നിന്നും ലഭിക്കാനുള്ള 74,63,13/- രൂപ പലിശ സഹിതം ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതും ആയതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 <u>പട്ടിക ജാതി കോളനികളിൽ കുടിവെള്ള പദ്ധതി-സ്വകാര്യവ്യക്തിയുടെ പറമ്പിൽ കുഴിച്ച കിണറിൽ വെള്ളമില്ല പദ്ധതി പൂർത്തീയാക്കിയില്ല</u>

പ്രോജക്ട് നമ്പർ :57/18

പ്രോജക്ടിന്റെ പേര് പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി

അടങ്കൽ തുക - 32,04,000/-(വികസനഫണ്ട് എസ്.സി.പി)

ചെലവ് – 32,04,000/-

ബിൽ നമ്പർ 6/16-17/3-3-17---- 27,54,585/-രൂപ

9/17-18/28-6-17----4,49,415/-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് സെക്രട്ടറി

മൈലം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിനായി ഹൈഡ്രോജിയോളജിക്കൽ സർവേ നടത്തി ജലലഭ്യതയുണ്ടെന്ന് ഉറപ്പ് വരുത്തിയതിനും ശേഷം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം എട്ട് കുടിവെള്ള പദ്ധതിയ്ക്കായി 32,04,000/-രൂപാ പിൻവലിച്ച ഭൂഗർഭജലവികസനവകുപ്പിന്റെ എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് ഒടുക്കിയെങ്കിലും നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥലം | പ്രവൃത്തി | എസ്റ്റിമേറ്റ് തുക (രൂപ) |
|---|---|---|---|
| 1 | അയണിവിളഭാഗം വാർഡ്-10 | Bore well and micro water supply scheme | 4,99,812 |
| 2 | കാരാമൂഗളിലിൽ ഭാഗം-ഇഞ്ചക്കാട് ഈസ്റ്റ് | Bore well and micro water supply scheme | 4,99,857 |
| 3 | വെൻഗാരുക്കൾ ഭാഗം-അന്തമൺ | Bore well and micro water supply scheme | 499925 |
| 4 | മാവേലി നഗർ,ഇട്ടിയാ പറമ്പ് | Bore well and micro water supply scheme | 4,99,732 |
| 5 | കാരിച്ചാൽ മുട്ടവിള ഭാഗം- | Bore well and micro water supply scheme | 4,99,216 |
| 6 | ചരുവിളഭാഗം-പുലമൺ | Bore well and micro water supply scheme | 4,99,921 |
| 7 | അരുവിച്ചിറ കോളനി | Pipe line extension | 1,20,091 |
| 8 | ഇരവി കോട്ടു കോളനി-ആക്കാവിള | Renovation and pump erection | 85,446 |

പ്രസ്തുത പ്രോജക്റ്റിൽ ഉൾപ്പെട്ട മാവേലി നഗർ -ഇട്ടിയാ പറമ്പ് കുടിവെള്ള പദ്ധതിയ്ക്കായി സ്വകാര്യവ്യക്തിയുടെ പറമ്പിൽ കുഴൽ കിണർ കുഴിച്ചിരിക്കുന്നുവെങ്കിലും പ്രസതുത കിണറിൽ ജല ലഭ്യതയില്ലാത്തതിനാൽ കുടിവെള്ള പദ്ധതിയ്ക്കു വേണ്ടിയുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ല . സ്വകാര്യവ്യക്തിയുടെ സ്ഥലം പഞ്ചായത്തിന് കൈമാറി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഭൂഗർഭ ജല വകുപ്പിന്റെ 4-3-2017 ലെ ജി.കെ.ടി. /431/17 നമ്പർ കത്ത് പ്രകാരം ഹൈഡ്രോജിയോളജിക്കൽ സർവേ നടത്തി ജലലഭ്യതയുണ്ടെന്ന് ഉറപ്പ് വരുത്തിയതിനും ശേഷം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആണ് തുക ഒടുക്കിയിട്ടുള്ളതെന്നും ആയത് പ്രകാരം ഭൂഗർഭ ജല വികസന വകുപ്പിന്റെ കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറും പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും തമ്മിൽ 8-3-2017 തീയതീയിലെ 29/13 നമ്പർ കരാർ പ്രകാരം പ്രവൃത്തിയുടെ നിബന്ധനകൾ രേഖപ്പെടുത്തി ഇരുവരും ഒപ്പു വച്ചിട്ടുള്ളതാണ്എന്നും

അറിയിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യവ്യക്തിയുടെ പറമ്പിൽ കുഴൽകിണർ കുഴിച്ചതിന്റെ കാരണവും പ്രസ്തുത വസ്തു കൈമാറി കിട്ടിയതിന്റെ രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് വീണ്ടും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്വകാര്യവ്യക്തിയുടെ പറമ്പിൽ പ്രവൃത്തി നടത്താൻ യാതൊരു അനുവാദവും പഞ്ചായത്ത് നൽകിയിട്ടില്ല എന്നും പ്രസ്തുത വ്യക്തി നാളിതുവരെ ടി വസ്തു പഞ്ചായത്തിന് സറണ്ടർ ചെയ്ത് നൽകിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് അനുമതി നൽകാതെ പ്രസ്തുത സ്ഥലത്ത് ഭൂഗർഭ ജല വകുപ്പ് ഹൈഡ്രോജിയോളജിക്കൽ സർവേ നടത്തി ജലലഭ്യതയുണ്ടെന്ന് ഉറപ്പ് വരുത്തിയത് എങ്ങനെ എന്നും ആയത് പ്രകാരം തുക ഒടുക്കുവരുത്തിയത് എങ്ങനെ എന്നും വ്യക്തമാക്കിയിട്ടില്ല.

ഭൂഗർഭ ജല വികസന വകുപ്പിന്റെ കൊല്ലം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറും പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയും തമ്മിൽ 8-3- 2017 തീയതിയിലെ 29/13 നമ്പർ കരാറിലെ അഞ്ചാമത്തെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനം നിശ്ചയിക്കുന്ന ഒരു മോണിട്ടറിംഗ് സമിതി ജോലിയുടെ പുരോഗതി വിലയിരുത്തേണ്ടതാണെന്നും മോണിറ്ററിംഗ് കമ്മിറ്റിക്ക് പണി നടക്കുന്ന സ്ഥലം പരിശോധിക്കുന്നതിനും വിവരശേഖരണത്തിനും ആവശ്യമായ സൗകര്യം ബന്ധപ്പെട്ട എഞ്ചിനീയർ ചെയ്ത് കൊടുക്കേണ്ടതാണെന്നും മോണിറ്ററിംഗ് കമ്മിറ്റി ചൂണ്ടിക്കാണിക്കുന്ന ന്യൂനതകൾ പരിഹരിച്ചു കൊടുക്കേണ്ടതാണെന്നും പറയുന്നുണ്ട്. എന്നാൽ ഇത്തരം നടപടികൾ ഒന്നും നടന്നിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥന്റെയും മോണിറ്ററിംഗ് സമിതിയുടെയും ഉത്തരവാദിത്വരാഹിത്യം മൂലം പഞ്ചായത്തിന് കൈമാറി കിട്ടാത്ത സ്വകാര്യവ്യക്തിയുടെ പറമ്പിൽ കുഴൽകിണർ നിർമ്മിക്കാൻ ഇടയായി. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

ടി പദ്ധതിയിലെ ബാക്കി കുഴൽ കിണറുകൾ നാളിതുവരെ നടപ്പിലാക്കി വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ നൽകിയില്ല. ആയതിന്റെ കാരണം വിശദമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 32,04,000/- രൂപയിൽ നിരാകരിച്ച 4,99,732/-രൂപ ഒഴികെ ബാക്കി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബില്ല് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറി നം, തീയതി-4/26-10/18, 12/30-10-2018</u>

<u>തടസ്സപ്പെടുത്തിയ തുക 27,04,268/-</u>

നിരാകരിച്ച തുക4,99,732/-

## 3-2 സ്ട്രീറ്റ് മെയിൻസ്ഥാപിക്കൽ പദ്ധതി നടപ്പിലാക്കിയില്ല

പ്രോജക്റ്റ് നമ്പർ :179/18

പ്രോജക്റ്റിന്റെ പേര് - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ

അടങ്കൽ തുക – 3,00,000/-രൂപ (വികസനഫണ്ട് എസ്.സി.പി)

ചെലവ് – 2,48,738/-രൂപ

ബിൽ നമ്പർ – 18/19-10-17—1,98,778/-രൂപ

23/27-11-17---49,960/-രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കാനായി ഇലക്ട്രിസിറ്റി ബോർഡിന്റെ എസ്റ്റിമേറ്റ് പ്രകാരം മേൽ ബിൽ പ്രകാരം പിൻവലിച്ച തുക ഇലക്ട്രിസിറ്റി ബോർഡിന്റെ കുളക്കട, പട്ടാഴി ഓഫീസുകളിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും നാളിതുവരെപണി പൂർത്തീയാക്കുകയോ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിന് ഇലക്ട്രിസിറ്റി ബോർഡുമായി എഗ്രിമെന്റ് വച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം, തീയതി-12/30-10-2018

തടസ്സപ്പെടുത്തിയ തുക - 2,48,738/-രൂപ

## 3-3 ഇ. എം. എസ്. ലോണിനു വേണ്ടി ആരംഭിച്ച അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു.

മൈലം ഗ്രാമപഞ്ചായത്തിലെ ഇ. എം. എസ്. ലോണിനു വേണ്ടി വി.ഇ.ഒയുടെയും പ്രസിഡന്റിന്റെയും പേരിൽ ആരംഭിച്ച താമരക്കുടി സർവ്വീസ് സഹകരണബാങ്കിലെ 7056 നമ്പർ അക്കൗണ്ടിൽ 31-3-2016 ൽ 4,70,089/-രൂപാ ബാക്കി നിൽക്കുന്നു. നിലവിൽ പഞ്ചായത്ത് വികസനഫണ്ട് ഗഡുക്കളായി അടച്ച് ലോൺ മുതൽ തുക അടച്ച തീർത്തിട്ടുണ്ട്. റീസീവർ ഭരണത്തിലായതിനാൽ നിലവിൽ ടി അക്കൗണ്ടിൽ പലിശ വരവ് വരുകയോ പാസ്സ് ബുക്ക് പതിച്ച നൽകുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം അവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരമറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ

അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ15/1-11-2018

## 3-4 വാങ്ങിയ ഭക്ഷണ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി വിവിധ പ്രോജക്ടുകൾ പ്രകാരം നടപ്പാക്കിയ അനുപൂരക പോഷകാഹാരപദ്ധതി പ്രകാരം വാങ്ങിയ ഭക്ഷണസാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല.

1.പ്രോജക്ട് നമ്പർ :63/18

പ്രോജക്ടിന്റെ പേര് അനുപൂരക പോഷകാഹാര വിതരണം എസ്. സി(സ്പിൽ ഓവർ)

അടങ്കൽ തുക - 2,52,943/- രൂപ (വികസനഫണ്ട് എസ്.സി.പി)

ചെലവ് 1,52,943 രൂ.

ബിൽ നമ്പർ 1/22-8-2017 ---152943/-

നിർവഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ ബിൽപ്രകാരം നൽകിയ തുകകളിൽ കൽപ്പദാരു ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും 24-10-16 തീയതിയിലെ 897 നമ്പർ ബില്ല് പ്രകാരം വാങ്ങിയ 670.5കിലോ അമൃതം പൊടി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല. ആയതിനുവേണ്ടി ചെലവഴിച്ച 37,548/-(670.500x56)ഓഡിറ്റിൽ നിരാകരിക്കുന്നു.

2.പ്രോജക്ട് നമ്പർ :190/18

പ്രോജക്ടിന്റെ പേര് – അനുപൂരക പോഷകാഹാര വിതരണം (ജനറൽ)

അടങ്കൽ തുക 23,00,000/-രൂ.

ചെലവ് 19,07,175/-രൂ.

ബിൽ നമ്പർ 4/18-8-17----561837

നിർവഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ്. സൂപ്പർവൈസർ

മേൽ ബിൽപ്രകാരം നൽകിയ തുകകളിൽ കൽപ്പദാരു ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും 12-12-16 തീയതിയിലെ 28 നമ്പർ ബില്ല് പ്രകാരം വാങ്ങിയ 558കിലോ ശർക്കരയും 558 കിലോ റാഗിയും സ്റ്റോക്കിലെടുത്തിട്ടില്ല.ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 70,308/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രസ്തുത പ്രോജക്ടിന്റെ ജില്ലാ പഞ്ചായത്ത് വിഹിതമായ 2,00,000/- രൂപയിൽ

(ചെക്ക് നമ്പർ 1325107/31-3-2018) 1,80,386.60/- രൂപായുടെ മാവേലി സ്റ്റോർ ബില്ലാണ് ഹാജരാക്കിയിരിക്കുന്നത്. ബാക്കി തുക സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 19,613/- രൂപാ ഓഡിറ്റിൽ നിരാകരിക്കുന്നു.

പ്രസ്തുത പ്രോജക്ടിന്റെ കേന്ദ്രവിഹിതമായ 2,07,175/- രൂപയിൽ (ചെക്ക് നമ്പർ 578882/31-3-2018) 81,833/- രൂപ മാവേലി സ്റ്റോർ കലയപുരത്തിനു നൽകിയിട്ടുണ്ട്. ആയതിന്റെ ബിൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവായ തുക 2,09,302/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

<u>ഓഡിറ്റ് എൻക്വയറി നമ്പർ 17 (a)/30-10-18</u>
<u>നിരാകരിച്ച തുക -2,09,302/-രൂപ</u>

## 3-5 <u>അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിൽ **2,30,068/-**രൂപ ബാക്കി നിൽക്കുന്നു.</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തുന്ന പ്രോജക്ടിന്റെ തുകകൾ നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും നിക്ഷേപിക്കുന്നതിനുള്ള ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ തുകകൾബാക്കി നിൽക്കുന്നു.കാനറാ ബാങ്കിലെ 230068 നമ്പർ അക്കൗണ്ടിൽ 31-7-18 തീയതിയിൽ 2,30,068/- രൂപാ ബാക്കി നിൽക്കുന്നു. 21-3-2015 തീയതിയിലെ ജി.ഓ.(പി) 119/2015 നമ്പർ ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം ആവശ്യത്തിന് മാത്രം തുക പിൻവലിക്കേണ്ടിയിരുന്നപ്പോൾ തുക മുൻകൂർ പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. നിലവിൽ ടി അക്കൗണ്ടിൽ ക്രയവിക്രയങ്ങൾ നടക്കുന്നില്ല. പ്രസതുത തുക ഏത് പ്രോജക്ടിന്റെതാണെന്ന് കണ്ടെത്തി തുക നാളിതുവരെ നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കുകയും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിശദീകരണം ലഭ്യമാക്കുകയും ചെയ്ത് തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 <u>മഴക്കാല പൂർവ്വ ശുചീകരണം- ചെലവു രേഖകൾ ലഭ്യമല്ല</u>

മഴക്കാല പൂർവ്വ ശുചീകരണത്തിനായി മെഡിക്കൽ ഓഫീസർക്ക് നൽകിയ തനതുഫണ്ട് തുകകളുടെ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക്നമ്പർ,<br>തീയതി | തുക |
|---|---|

| | |
|---|---|
| 38114/28-6-17 | 1,00,000/- |
| 374921/28-6-17 | 1,00,000/- |
| 37494/15-2-18 | 29900/- |

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുമറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാധുവായ രേഖകൾ ഹാരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ -18/30-10-2018

തടസ്സപ്പെടുത്തിയ തുക – 2,29,900/-രൂപ

## 3-7 പോസ്റ്റ് ഷിഫ്റ്റിംഗ് - വിനിയോഗരേഖകൾ ലഭ്യമല്ല

തനതു ഫണ്ടിൽ നിന്നും പോസ്റ്റ് ഷിഫ്റ്റിംഗിനായി ചുവടെ ചേർക്കുന്ന ചെലവുകൾ വന്നിട്ടുണ്ടെങ്കിലും പോസ്റ്റ് മാറ്റി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥലം, വാർഡ് | തുക നൽകിയത് | തുക (രൂപ) | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| അന്തമൺ | എ.ഇ. , കെ.എസ്.ഇ.ബി, കുളക്കട | 12,454 | 110389/ 19-6-17 |
| മൈലം തെക്കേക്കര | എ.ഇ. , കെ.എസ്.ഇ.ബി, ചെങ്ങമനാട് | 5,257 | 38121/ 1-7-17 |
| വാർഡ് 9 (uc 100/3) | എ.ഇ. , കെ.എസ്.ഇ.ബി, കൊട്ടാരക്കര | 4,812 | 34562/ 7-3-18 |
| വിവിധ വാർഡുകൾ | എ.ഇ. , കെ.എസ്.ഇ.ബി, കൊട്ടാരക്കര | 12,621 | 38207/ 30-8-17 |
| വിവിധ വാർഡുകൾ | എ.ഇ. , കെ.എസ്.ഇ.ബി, കൊട്ടാരക്കര | 5,965 | 38207/ 30-8-17 |
| വിവിധ വാർഡുകൾ | എ.ഇ. , കെ.എസ്.ഇ.ബി, ചെങ്ങമനാട് | 5,854 | 8687664/ 21-12-17 |

| | | | |
|---|---|---|---|
| വിവിധ വാർഡുകൾ | എ.ഇ. , കെ.എസ്.ഇ.ബി, കുളക്കട | 29,778 | 8687664/ 21-12-17 |
| വിവിധ വാർഡുകൾ | എ.ഇ. , കെ.എസ്.ഇ.ബി, പട്ടാഴി | 10,929 | 8687664/ 21-12-17 |
| വിവിധ വാർഡുകൾ | എ.ഇ. , കെ.എസ്.ഇ.ബി, കൊട്ടാരക്കര ഈസ്റ്റ് | 1,24,544 | 8687664/ 21-12-17 |
| വിവിധ വാർഡുകൾ | എ.ഇ. , കെ.എസ്.ഇ.ബി, പുത്തൂർ | 23,894 | 8687664/ 21-12-17 |
| | ആകെ | 2,36,108/- | |

ആയതിന്റെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 22/30-10-2018
തടസ്സപ്പെടുത്തിയ തുക – 2,36,108/-രൂപ

## 3-8 ബയോഗ്യാസ് പ്ലാന്റ് -വകയിരുത്തിയ തുക ലഭ്യമായില്ല

പ്രോജക്ട് നമ്പർ – 60/18

പ്രോജക്ടിന്റെ പേര് – ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം (ഗാർഹികം)

അടങ്കൽ തുക - 17,00,000/-രൂപ
ധനകാര്യകമ്മീഷൻ ഗ്രാന്റ് -4,25,000/-രൂപ
കേന്ദ്രാവിഷ്കൃതവിഹിതം – 8,50,000/-രൂപ
ഗുണഭോക്തൃവിഹിതം – 4,25,000/-രൂപ

ചെലവ് - 2,46,000/-രൂപ

ബിൽ നമ്പർ - 8344387/9-10-17

നിർവഹണ ഉദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

170 ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിയ പ്രസതുത പ്രോജക്ടിനായി 50% തുക ശുചിത്വമിഷൻവിഹിതവും 25% ഗ്രാമപഞ്ചായത്ത് വിഹിതവും 25% ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ തുക വകയിരുത്തിയ പ്രോജക്ടിന് 2-3-17

തീയതിയിലെ 11/എസ്.ഡബ്ള്യൂ.എം/110/15 നമ്പരായി ശുചിത്വമിഷനിൽ നിന്നും സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടായിരുന്നു. ആയതനുസരിച്ച് 80 ഗുണഭോക്താക്കൾക്കായി പദ്ധതി നടപ്പിലാക്കുകയും 25% ഗ്രാമപഞ്ചായത്ത് വിഹിതവും 25% ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 246000/-ചെലവുചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ ശുചിത്വമിഷൻ വിഹിതം ലഭ്യമാക്കിയിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുക ശുചിത്വമിഷനിൽ നിന്ന് ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 92 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തിട്ട് 80 പേർക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. ആയതിനു മറുപടിയായി പ്രോജക്ട് സ്പിൽ ഓവർ ആയി തുടരുന്നുണ്ടെന്ന് അറിയിച്ചു. പദ്ധതി നടപ്പിലാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറി നമ്പർ 15/1-11-18</u>

## **3-9** <u>പഠനമുറി -അഡ്വാൻസ് തുകകൾ കൈപ്പറ്റിയിട്ടും നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.</u>

പ്രോജക്ട് നമ്പർ :55/17-18(സ്പിൽ ഓവർ),195/18

പ്രോജക്ടിന്റെ പേര് -പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ തുക – 9,60,000/-രൂപ(വികസനഫണ്ട് എസ്.സി.പി)

ചെലവ് – 9,30,000/-രൂപ

ബിൽ നമ്പർ – 7/23-6-18-3 – 60,000/-രൂപ
13/29-7-18-2 – 40,000/-രൂപ
16/29-7-18 – 70,000/-രൂപ
17/29-7-18 – 30,000/-രൂപ
19/29-7-18 – 1,40,000/-രൂപ
25/11-1-18 – 30,000/-രൂപ
30/31-3-18 – 60,000/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

പ്രസ്തുത പ്രോജക്ടിനായി അഡ്വാൻസ് തുക കൈപ്പറ്റിയ ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല.

1 സരസ്വതി, സരസ്വതി ഭവൻ, പള്ളിക്കൽ 40,000/-രൂപ

2 അമൽ കുമാർ.എസ്,ചരുവിള താഴതിൽ, താമരക്കുടി പി.ഓ-75,000/-രൂപ

3 സായന്ത്,കല്ലക്കോട്ടു വീട്ടിൽ, പള്ളിക്കൽ പി.ഓ 40,000/-രൂപ

4അഞ്ജനാ.ബി.ചരുവിള പുത്തൻ വീട്, പള്ളിക്കൽ പി.ഓ 40,000/-രൂപ

5 അലൻ. എസ്. ജീവ, ചിത്തിര,കോട്ടാത്തല---40,000/-രൂപ

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സ്പിൽ ഓവർ പ്രോജക്ടായി ആയതിന് തുക മാറ്റി വച്ചിട്ടുണ്ടെന്നും പണി പൂർത്തായാകുന്ന മുറയ്ക്ക് തുക നൽകി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 4/26-10-2018

## 3-10 തുടർവിദ്യാകേന്ദ്രങ്ങളിലെ കുട്ടികൾക്ക് രജിസ്ട്രേഷൻ ഫീസ് നൽകൽ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല.

| നിർവഹണോദ്യോഗസ്ഥൻ | എച്ച്.എം |
|---|---|
| പദ്ധതി | തുടർവിദ്യാകേന്ദ്രങ്ങളിലെ കുട്ടികൾക്ക് രജിസ്ട്രേഷൻ ഫീസ് നൽകൽ (നം187/18) |
| അടങ്കൽ തുക | 44,500/-രൂപ(വികസനഫണ്ട് ജനറൽ) |
| ചെലവ് തുക | 41,000/-രൂപ<br>(ബിൽ നം.04/17-18/22.11.2017) |
| ഓഡിറ്റ് എൻക്വയറി നം. | 1/24.10.2018 |

തുടർവിദ്യാകേന്ദ്രങ്ങളിലെ കുട്ടികൾക്ക് രജിസ്ട്രേഷൻ ഫീസ് നൽകൽ പദ്ധതി പ്രകാരം പത്താംതരം, പ്ലസ് ടു പരീക്ഷകൾക്കായി പത്ത് കുട്ടികൾക്ക് വീതം യഥാക്രമം 18,500/-, 22,500/- രൂപ വീതം കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ കുട്ടികൾ പരീക്ഷ എഴുതിയതിന്റെയും പാസ്സായതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി വിദ്യാർത്ഥികളുടെ പരീക്ഷ 2018 നവംബർ മാസത്തിലാണ് നടക്കുന്നതെന്നും ആയതിനാൽ പരീക്ഷ എഴുതിയതിന്റെയും പാസ്സായതിന്റെയും രേഖകൾ ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

ടി വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിന്റെയും പാസ്സായതിന്റെയും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-11 വീട്ടു പുനരുദ്ധാരണം -പണി നടത്തിയിട്ടില്ല

പ്രോജക്ട് നമ്പർ :59/18

പ്രോജക്ടിന്റെ പേര് വീട് പുനരുദ്ധാരണം

അടങ്കൽ തുക - 11,17,500/- രൂപ (വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ് – 10,55,000/-രൂപ

ബിൽ നമ്പർ – 10/20-10-2017

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വീട് പുനരുദ്ധാരണത്തിന്റെ വിവിധ പ്രോജക്ടുകളിലായി അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ നാളിതുവരെ പണി നടത്തി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല

1 രമാകുമാരി,തൈപ്ലാവിള വീട് വാർഡ് 5 -10,000/-രൂപ

2മേരിക്കുട്ടി പാലുവയലിൽ വാർഡ് 6---7,500/-രൂപ

3ഹരീഷ് നാഥ് -കോയിപ്പുറത്ത് പുത്തൻവീട് (6)----7,500/-രൂപ

4വർഗ്ഗീസ്-പാലുവയലിൽ പുത്തൻവീട്(6)—7,500/-രൂപ

5രാമസുന്ദരം-കണ്ണങ്കര പുത്തൻവീട് (12)-7,500/-രൂപ

6 സതി, സ്വരാജ് ഭവൻ, കോട്ടാത്തല-7,500/-രൂപ

ടിയാളുകൾ കരാർ പ്രകാരം പണി പൂർത്തിയാക്കിയിട്ടില്ലെങ്കിൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 3-12 പഞ്ചായത്ത് ഓഫീസ് നവീകരണം-അപാകതകൾ

പ്രോജക്ട് – പഞ്ചായത്ത് ഓഫീസ് നവീകരണം

എസ്റ്റിമേറ്റ് – 15 ലക്ഷം

ഫണ്ട് – എഫ്.സി – 1,24,125

തനത് ഫണ്ട് -13,22,565/-രൂപ

പ്രോജക്ട്നമ്പർ – s052/18

ഫണ്ട്-വികസനഫണ്ട്-53,31,000/-രൂപ

ധന.കമ്മീഷൻ-1,24,125/-രൂപ

തനതുഫണ്ട്-13,22,565/-രൂപ

പ്രോജക്ട് നം.S052/18 പ്രകാരം പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ ഫർണീച്ചർ, ക്യാബിൻ പാർട്ടീഷൻ എന്നിവ കാഡ്കോയിൽ നിന്നു വാങ്ങുന്നതിന് 15,00,000/-രൂപ വകയിരുത്തിയിരുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ആർ.ജി.പി.എസ്.എ പദ്ധതി പ്രകാരമുള്ള 15 ലക്ഷം രൂപ ലഭ്യമാക്കുന്നതിനായി എ.ഇ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കാഡ്കോ നേരിട്ട് പരിശോധിച്ച് തയ്യാറാക്കിയ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫർണീച്ചറുകളാണ് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. ജി.ഒ.(ആർ.ടി)നമ്പർ.60/1700/sp.n 20-10-17 ഉത്തരവിൽ കാഡ്കോയുടെ പ്രൈസ് ലിസ്ററിൽ ഉള്ള ഇനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാമെന്നും പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഇനങ്ങൾ ടെണ്ടർ /ക്വട്ടേഷൻ മുഖേന വാങ്ങാമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ലഭ്യമാക്കിയിട്ടുള്ള ഫർണീച്ചറുകളുടെ അളവുകൾ സ്ഥാപനത്തിലെ അസി.എഞ്ചിനീയർ പരിശോധിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാഡ്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്ന മേശ, കസേര എന്നിവയുടെ അളവുകളിൽ നിന്നും വളരെ കൂടിയ അളവിലുള്ളതും വിവിധ ഇനങ്ങളിലുള്ളതുമായ ഉപകരണങ്ങൾ കാഡ്കോ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മിച്ചു നല്കുകയാണുണ്ടായത്. ജനപ്രതിനിധികൾക്കും ജീവനക്കാർക്കും വിവിധ രൂപങ്ങളിലുമാണ് മേശകൾ നിർമ്മിച്ച് നല്കിയത്. പ്രസിഡന്റ് , വൈസ്സ് പ്രസിഡന്റ്, സെക്രട്ടറി, പഞ്ചായത്ത് ഓഫീസ് ജീവനക്കാർക്കും യഥാക്രമം 3,2.9,2.8 മീറ്റർ നീളത്തിലും 90,80,70-സെ.മീറ്റർ വീതിയിലുമുള്ളതുമായ മേശകളാണ് കാഡ്കോ ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ പ്രൈസ് ലിസ്റ്റിൽ ഒരു മീറ്ററിൽ കൂടുതൽ നീളമുള്ള മേശകൾ ഉൾപ്പെട്ടിട്ടില്ല. കൂടാതെ ഫ്രണ്ടോഫീസിൽ പ്രൈസ് ലിസ്റ്റിലെ നിരക്കിന് ആനുപാതികമായ വർദ്ധനവ് വരുത്തിയാണ് ടി ഇനങ്ങളുടെ നിരക്ക് കണക്കാക്കിയതെന്ന് പരിശോധിക്കപ്പെട്ടിട്ടുമില്ല. തടിയുടെ ഗുണനിലവാരം പരിശോധിച്ച് പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഇനങ്ങൾ ടെണ്ടർ കൂടാതെ കാഡ്കോ-യിൽ നിന്നും വാങ്ങിയതിനാൽ 14,84,690/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

ബിൽ നം-34/17-18,30-12-17
തടസപ്പെടുത്തിയ തുക-14,84,690/-രൂപ
ഓഡിറ്റ് എൻക്വയറി നം. -19/1.11.2018

## 3-13 ജനറേറ്റർ സ്ഥാപിച്ചതിന് സംരക്ഷണവേലി കെട്ടിയില്ല

പ്രോജക്ട് നം-92/-18
പ്ലാൻ ഫണ്ട്-4,00,000/-രൂപ
തനത്ഫണ്ട്-1,00,000/-രൂപ

പഞ്ചായത്തിൽ ജനറേറ്റർ വാങ്ങുന്നതിനുള്ള പ്രോജക്ടിൽ 4,80,602/-ജനറേറ്റർ സ്ഥാപിക്കുന്നതിനും,14,418/-എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും 4,806 T.S & ചെക്ക് മെഷർ 174/-കണ്ടിജൻസിയും ഉൾപ്പെടെ 5-ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നല്കി. 7-11-17-ലെ റീടെണ്ടറിൽ ശിവപ്രസാദ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ച് നമ്പർ-11/18, തീയതി-7-12-18 പ്രകാരം കരാർ വച്ചിട്ടുണ്ട്.ആകെ 473054/-രൂപയുടെ വർക്ക് ചെയ്ത് കരാറുകാരന് 4,63,594/-രൂപ നല്കി. എന്നാൽ എം-ബുക്ക് പരിശോധിച്ചതിൽ 4-ഇനമായ സംരക്ഷണവേലി ചെയ്തിട്ടില്ല. എഗ്രിമെൻറു പ്രകാരമുള്ള വർക്കുകൾ പൂർത്തീകരിക്കാതെ ബിൽ തുക നൽകിയതിന്റെ സാഹചര്യം വിശദമാക്കേണ്ടതാണ്. സംരക്ഷണ വേലിയോ മേൽക്കൂരയോ നിർമ്മിക്കാതെ ജനറേറ്റർ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചിരിക്കുന്നു. 19-12-17-ലെ പ്രൊക്യൂർമെൻറ് കമ്മറ്റിയിൽ സംരക്ഷണവേലിയും മേൽക്കൂരയും നിർമ്മിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ നടപടി ഉണ്ടായിട്ടില്ല. ജനറേറ്റർ സംരക്ഷിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ബിൽ നം -41/17-18, 28.2.18

ഓഡിറ്റ് എൻക്വയറി നം.. – 5/17-18, 29.7.18

## 3-14 ബാക്ടോമീറ്റർ വാങ്ങൽ - ക്വട്ടേഷൻ നിരക്കിനേക്കാൾ അധികം തുക നൽകി.

പ്രോജക്ട് നം - 204/18

പ്രോജക്ടിന്റെ പേര് - പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങൽ

അടങ്കൽ തുക - 80,000/- രൂപ (വികസനഫണ്ട് – ജനറൽ)

ചെലവ് തുക - 80,000 /- രൂപ

ബിൽ നം./ തീയതി - 10 / 18 തീ .18.0 1.18, തുക – 73,759/- രൂപ

– 19/18 തീ .28.02.18, തുക - 6,241/- രൂപ

നിർവഹണം – മെഡിക്കൽ ഓഫീസർ അലോപ്പതി .

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പകർച്ചവ്യാധി നിയന്ത്രണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം 73,759/- രൂപ ചെലവഴിച്ച് ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിലേക്ക് 2278 ബാക്ടോസ്കോപ്പുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ നികുതി ഉൾപ്പെടെയുള്ള വില രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനം

പ്രസ്തുത തുകയ്ക്ക് പുറമേ വീണ്ടും നികുതിയിനത്തിൽ തുക രേഖപ്പെടുത്തി ബിൽ നൽകുകയും പ്രസ്തുത തുക നിർവഹണോദ്യോഗസ്ഥ അനുവദിച്ച് നൽകുകയും ചെയ്തതിനാൽ 8,562/-രൂപ നഷ്ടമായി.

ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിലേക്ക് ബാക്ടോ സ്കോപ്പ് വാങ്ങുന്നതിനുള്ള ക്വട്ടേഷൻ നടപടികളെത്തുടർന്ന് ബാക്ടോസ്കോപ്പ് ഒന്നിന് 12% നികുതിയുൾപ്പെടെ 31.36/- രൂപ രേഖപ്പെടുത്തിയ പാർക്കിൻസ് എന്റർപ്രൈസസ് പത്തനംതിട്ട എന്ന സ്ഥാപനത്തിനാണ് കരാർഉറപ്പിച്ച് നൽകിയത്. എന്നാൽ ഉപകരണ വിതരണത്തെത്തുടർന്ന് പ്രസ്തുത സ്ഥാപനം 11.11.17, 16.02.18 തീയതികളിൽ നൽകിയ B-922, B-1497നം. ഇൻവോയ്സുകളിൽ നികുതി ഉൾപ്പെടെയുള്ള നിരക്കായ 31.36 രൂപയ്ക്ക് പുറമേ വീണ്ടും 12% നികുതി കൂടി കണക്കാക്കി നൽകുകയും അതേ തുക മെഡിക്കൽ ഓഫീസർ സ്ഥാപനത്തിന് നൽകുകയും ചെയ്തു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്വട്ടേഷൻ പ്രകാരം ബാക്ടോസ്കോപ്പ് ഒന്നിന് നികുതി ഉൾപ്പെടെ നൽകേണ്ട തുക (രൂപ) | വാങ്ങിയ ബാക്ടോ സ്കോപ്പുകളുടെ എണ്ണം (രൂപ) | നൽകേണ്ടിയിരുന്ന തുക (രൂപ) | നൽകിയ തുക (രൂപ) | അധികമായി നൽകിയ തുക (രൂപ) |
|---|---|---|---|---|
| 31.36 | 2,278 | 71,438 | 80,000 | 8,562 |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബാക്ടോസ്കോപ്പ് വിതരണം ചെയ്ത സ്ഥാപനത്തെ ഇക്കാര്യം രേഖാമൂലം അറിയിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അധികമായി നൽകിയ 8,562/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക മേൽസ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കാത്തപക്ഷം നിർവഹണോദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിശ്ചയിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.3/തീ.25.10.18

നിരാകരിച്ച തുക-8,562/-രൂപ

**3-15** പച്ചക്കറി കൃഷി - കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിയും വാങ്ങി നൽകിയ വിത്തുകളുടെയും തൈകളുടെയും എണ്ണവും തമ്മിൽ ഗണനീയമായ പൊരുത്തക്കേടുകൾ

പച്ചക്കറി കൃഷി - കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും വാങ്ങി നൽകിയ

വിത്തുകളുടെയും തൈകളുടെയും എണ്ണവും തമ്മിൽ ഗണനീയമായ പൊരുത്തക്കേടുകൾ-തൈകൾ പൂർണമായി വിതരണം ചെയ്തില്ല.

പച്ചക്കറികൃഷിക്കായി നടപ്പിലാക്കിയ രണ്ട് പ്രോജക്ടുകളിലൊന്നിൽ 1400 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 14000 തൈകളും 7,000 രൂപയുടെ വിത്തുകളും വാങ്ങി നൽകിയപ്പോൾ മറ്റൊരു പ്രോജക്ടിൽ 465 സെന്റ് സ്ഥലത്ത് കൃഷി ചെയ്യുന്നതിനായി 15500 തൈകളും 7,750/-രൂപയുടെ വിത്തുകളും വാങ്ങി നൽകി. വിത്തുകളും തൈകളും വാങ്ങി നൽകിയതിന്റെ മാനദണ്ഡമെന്തെന്നോ പ്രസ്തുത വിത്തുകളും തൈകളും ഏതേത് ഇനങ്ങളിൽ പെട്ടവയാണെന്നോ തൈകൾ പൂർണമായി വിതരണം ചെയ്തെന്നോ വ്യക്തമാക്കുന്ന രേഖകളില്ല.

<u>പച്ചക്കറികൃഷി വികസനത്തിനായി കൃഷി ഓഫിസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ പ്രസക്ത വിവരങ്ങൾ ചുവടെചേർക്കുന്നു.</u>

| പ്രോ.നം./ പേര് | ചെലവഴിച്ച തുക | ബിൽ നം./തീയതി-ആകെ ബിൽ തുക | വാങ്ങി നൽകിയവ | കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി. |
|---|---|---|---|---|
| 176/18 പച്ചക്കറി കൃഷി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് | 35,000/- രൂപ | 22/24.3.18 2,47,170 /-രൂപ | 2 രൂപ നിരക്കിൽ 14,000 തൈകളും 7000/- രൂപയുടെ വിത്തുകളും | 1400 സെന്റ് |
| 178/18 അടുക്കളത്തോട്ടം | 25,000 /- രൂപ | 9/18.1.18 1,00,000/-രൂപ | 2 രൂപ നിരക്കിൽ 10,000 തൈകളും 5000 രൂപയുടെ വിത്തുകളും | 465 സെന്റ് |
| | 13750/- രൂപ | 18/4. 3.18 59000/- രൂപ | 2 രൂപ നിരക്കിൽ 5500 തൈകളും | |

| | | | | |
|---|---|---|---|---|
| | | | 2,750/- രൂപയുടെ വിത്തുകളും | |

പ്രസ്തുത പദ്ധതികളുടെ നിർവഹണരേഖകൾ പരിശോധിച്ചതിൽ വ്യക്തമാവുന്ന അപാകതകൾ ചുവടെചേർക്കുന്നു.

1. ചിറ്റുമല ബ്ലോക്ക് ഫെഡറേറ്റഡ് ക്ലസ്റ്റർ ഹൈടെക് നഴ്സറിയിൽ നിന്ന് വാങ്ങി നൽകിയിരിക്കുന്ന വിത്തുകളും തൈകളും ഏതേതിനങ്ങളിൽപ്പെട്ടവയാണെന്ന് ഇൻവോയ്സുകളിൽ നിന്നോ വിതരണ രേഖകളിൽ നിന്നോ വ്യക്തമല്ല.

2.1400 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിലേക്ക് 35,000 രൂപ ചെലവഴിച്ച് 14000 തൈകളും 7,000/- രൂപയുടെ വിത്തുകളും വാങ്ങിയപ്പോൾ 465 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിലേക്ക് 38,750 /- രൂപ ചെലവഴിച്ച് 15500 തൈകളും 7,750/- രൂപയുടെ വിത്തുകളും വാങ്ങി നൽകിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

3.ഒരു സെന്റിലേക്ക് ആവശ്യമായ വിത്തുകളും തൈകളും എത്രയെന്നോ നടീലിൽ പാലിക്കേണ്ട ഇടയകലം പരിഗണിച്ചാണോ വിത്തുകളുടെയും തൈകളുടെയും അളവും എണ്ണവും നിർണയിച്ചതെന്നോ വ്യക്തമാക്കുന്ന രേഖകളില്ല.

4.നൂറ് രൂപ വിലയുള്ള പച്ചക്കറിവിത്തു കിറ്റും നൂറ് തൈകളും വീതമാണ് ഓരോ കുടുംബശ്രീ യൂണിറ്റിനും ലഭ്യമായതെന്ന് 70 കുടുംബശ്രീ യൂണിറ്റുകളുടെയും ഭാരവാഹികൾ ഒപ്പിട്ട് നൽകിയ കൈപ്പറ്റ് സ്റ്റേറ്റുമെന്റിൽ നിന്ന് വ്യക്തമാകുന്നു. കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ 14000 തൈകളിൽ 7000 പച്ചക്കറിത്തൈകൾ വിതരണം ചെയ്തതായി രേഖകളില്ല.

മേൽ സൂചന അപാകതകളിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അടുക്കളത്തോട്ടം എന്ന പ്രോജക്ടിൽ ഇടയകലം കുറഞ്ഞ തൈകളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും പ്രസ്തുത ഇനങ്ങൾ ഒരു സെന്റിൽ 150-200 തൈകൾ നടാവുന്നതാണെന്നും എന്നാൽ പച്ചക്കറി കൃഷി കുടുംബശ്രീ ഗ്രൂപ്പുകൾക്ക് എന്ന പ്രോജക്ടിനായി കൃഷിയ്ക്ക് കൂടുതൽ സ്ഥലം ആവശ്യമായ ഇടയകലം കൂടുതലുള്ള പന്തൽ ഇനങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും പ്രസ്തുത ഇനങ്ങൾ ഒരു സെന്റിൽ 25-30 തൈകൾ മാത്രമേ നടാൻ സാധിക്കുകയുള്ളുവെന്നും 70 കുടുംബശ്രീ യൂണിറ്റുകൾക്കും 200 തൈകൾ വീതം നൽകിയെങ്കിലും വിതരണസ്റ്റേറ്റ്മെന്റിൽ 100 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുകയാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത മറുപടിയെ സാധൂകരിക്കുന്ന യാതൊരു രേഖകളും

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതേതിനം വിത്തുകളും തൈകളുമാണ് വാങ്ങി നൽകിയതെന്ന് ഇൻവോയ്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ഇടയകലം കുറഞ്ഞ തൈകളാണ് അടുക്കളത്തോട്ടം എന്ന പ്രോജക്ടിൽ വിതരണം ചെയ്തിട്ടുള്ളതെന്നും ഇടയകലം കൂടുതലുള്ള പന്തൽ ഇനങ്ങളാണ് കുടുംബശ്രീ ഗ്രൂപ്പുകൾക്ക് എന്ന പ്രോജക്ടിനായി വിതരണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുന്ന യാതൊരു രേഖകളുമില്ല.

45 കുടുംബശ്രീ യൂണിറ്റുകൾക്ക് 200 തൈകൾ വീതം ലഭിച്ചു എന്ന് വ്യക്തമാക്കുന്ന കൈപ്പറ്റുരസീതുകൾ മാത്രമാണ് ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് ഹാജരാക്കിയിട്ടുള്ളത്. വാങ്ങിവിതരണം ചെയ്ത വിത്തുകളും തൈകളും ഏതേത് ഇനങ്ങളിൽപ്പെട്ടവയാണെന്നോ അവ ഏതേത് അളവിൽ വിതരണം ചെയ്തെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖകളും ഇല്ലാതിരിയ്ക്കെ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് സാധൂകരിയ്ക്കുന്ന രേഖകളില്ലാതെ വിത്തിനങ്ങൾ , ഇടയകലം എന്നിവയിൽ വിശദീകരണം നല്കുന്ന നിർവഹണോദ്യോഗസ്ഥയുടെ നടപടി പദ്ധതി നിർവഹണത്തിലെ അനാസ്ഥ വെളിവാക്കുന്നു. ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് 200 തൈകൾ വീതം ലഭിച്ചു എന്ന് വ്യക്തമാക്കുന്ന കൈപ്പറ്റു രസീതുകൾ 45 കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് മാത്രം ഹാജരാക്കിയിട്ടുള്ളതിനാൽ മാത്രമാണ് ശേഷിയ്ക്കുന്ന 25 കുടുംബശ്രീ യൂണിറ്റുകൾക്ക് 100 തൈകൾ മാത്രമാണ് ലഭ്യമായതെന്ന് വ്യക്തമാവുന്നു.വിതരണരേഖകളില്ലാത്ത 2500 തൈകൾക്കായി ചെലവഴിച്ച 5,000/- രൂ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.
വാങ്ങിവിതരണം ചെയ്ത വിത്തുകളും തൈകളും ഏതേത് ഇനങ്ങളിൽപ്പെട്ടവയാണെന്നോ അവ ഏതേത് അളവിൽ വിതരണം ചെയ്തെന്നോ വ്യക്തമാക്കുന്ന യാതൊരു രേഖകളും ഇല്ലാത്തതിനാൽ രണ്ട് പദ്ധതികളിലുമായി വിത്തുകളും തൈകളും വാങ്ങുന്നതിനായി ചെലവഴിച്ച തുകയിൽ ശേഷിയ്ക്കുന്ന 68,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാങ്ങിവിതരണം ചെയ്ത വിത്തുകളുടെയും തൈകളുടെയും ഇനവിവരങ്ങളും അളവുകളും വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

വിള പരിപാലനത്തിനുള്ള ശാസ്ത്രീയ ശുപാർശകളെ ആധാരമാക്കി നടപ്പിലാക്കുന്ന പദ്ധതികളിലെ വാങ്ങലുകൾ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ ആധികാരികതയും പദ്ധതി നിർവഹണത്തിന്റെ ഫലപ്രാപ്തിയും വ്യക്തമാക്കുന്ന രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ഭരണനിർവഹണാധികാരികൾ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറി നം.10/തീ.29.11.18</u>

<u>നിരാകരിച്ച തുക-5,000/-</u>

തടസ്സപ്പെടുത്തിയ തുക-68,750/-രൂപ

## 3-16 പൊലിയോ പൊലി-പദ്ധതി നടപ്പിലാക്കിയില്ല.

പ്രോജക്ട് നം - 291/18

പ്രോജക്ടിന്റെ പേര് - പൊലിയോ പൊലി

അടങ്കൽ തുക - 50,000/-രൂപ (വികസന ഫണ്ട്, പൊതുവിഭാഗം)

ചെലവ് തുക - 50,000/-രൂപ

ബിൽ നം./ തീയതി -17/13.3.18

നിർവഹണം - കൃഷി ഓഫീസർ

പള്ളിച്ചൽ, കരിച്ചാൽ പാടശേഖരങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുവേണ്ടി അടിസ്ഥാന ജലസേചന സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് വിഹിതമായി 50,000/- രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കിയെങ്കിലും പദ്ധതി പൂർത്തികരണവിവരങ്ങൾ ഇല്ല. ഇതിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കിക്കൊള്ളാം എന്ന് മറുപടി നൽകിയിട്ടുണ്ട്.

പൂർത്തീകരണവിവരങ്ങളുടെ അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.10/തീ.29.10.18

തടസ്സപ്പെടുത്തിയതുക-50,000/-രൂപ

## 3-17 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ പ്രോജക്ടുകൾ - മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾക്കായി തുക ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | മരുന്നുകൾക്കായി ഒട്ടുക്കിയ തുക | | ലഭ്യമായ മരുന്നുകൾ | | ശേഷിക്കുന്ന തുക . (രൂപ) |
|---|---|---|---|---|---|---|
| | | തുക (രൂപ) | ബിൽനം .തീയതി | ഇൻവോയ്സ് നം. തീ. | തുക. (രൂപ) | |
| 1 | പി.എച്ച്.സി. മരുന്നു വാങ്ങൽ | 1,50,000/- | 13/25.01.18 | - | - | 1,50,000/ |
| 2 | ജീവിത ശൈലി രോഗനിർണയ ത്തിനാവശ്യമായ മരുന്നും സാമഗ്രികളും വാങ്ങൽ | 1,00,000/- | 14/25.01.18 | 390/9.4.18<br>1766/18.5.181648 /16.5.18<br>4005/30.6.18<br>784/16.4.18<br>2494/31.5.18 | 11,322/-<br>15,057/-<br>11,232/-<br>22,078/<br>5,718/-<br>5,316/- | 29,277 |
| 3 | പാലിയേറ്റിവ് കെയർ | 3,76,000/- | 16/25.01.18 | 430/9.4.18<br>1146/23.4.18<br>1768/18.5.18<br>2109/26.5.18<br>3691/25.6.18<br>325/8.4.18<br>673/13.4.18<br>2112/26.5.18<br>2490/31.5.18<br>4002/30.6.18<br>1149/23.4.18<br>1263/2.5.18<br>1769/18.5.18 | 3,774/-<br>1,205/-<br>4,480/-<br>5,605/-<br>10,407/-<br>61,626/-<br>64,696/-<br>51,033/-<br>5,537/-<br>28,433/-<br>2,973/-<br>11,021/-<br>4,480/- | 1,20,730/- |
| | ആകെ. | | | | | 3,00.007/- |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് വിതരണത്തിലെ കാലതാമസം KMSCLനെ അറിയിച്ചിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശം പ്രസ്തുത സ്ഥാപനത്തെ ബോദ്ധ്യപ്പെടുത്തി മരുന്നുവിതരണം എളുപ്പത്തിലാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/30.10.2018

**3-18** ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല.

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്നപ്രോജക്ടിനായി (നം.158/18)15.03.18 ലെ ബിൽ നം.3 പ്രകാരം 50,000/-രൂപ മരുന്നുകൾക്കായി ഹോംകോയിൽ തുക ഒടുക്കിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് വിതരണത്തിലെ കാലതാമസം ഹോംകോയെ അറിയിച്ചിട്ടുണ്ടെന്നും മരുന്ന ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. -5/26.10.2018

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017- 18 | 68,000 | വിരുപ്പ് മുണ്ടകൻ നെൽകൃഷി | 68,000 | ----- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 68,000 | വിരുപ്പ് മുണ്ടകൻ നെൽകൃഷി | 68,000 | ----- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 2,00,000 | അംഗൻവാടിപോഷകാഹാരം | 2,00,000 | ----- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 75,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പോഷകാഹാരം | 75,000 | ----- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 75,000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പോഷകാഹാരം | 75,000 | ----- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 37,500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 37,500 | ----- |
| ജില്ലാ പഞ്ചായത്ത് | 2017-18 | 37,500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 37,500 | ----- |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | ലഭ്യമല്ല. | 7,86,563 | 0 | 7,86,563 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിയ്ക്കൽ | ലഭ്യമല്ല. | 9,18,949 | 0 | 9,18,949 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുടിവെള്ള പദ്ധതി | ലഭ്യമല്ല. | 10,05,250 | 0 | 10,05,250 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പി.എച്ച്.സിയ്ക്ക് കുഴൽ കിണർ നിർമ്മാണം | ലഭ്യമല്ല. | 88,207 | 0 | 88,207 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വെള്ളാരം കുന്ന് W.L.P.S കുഴൽ കിണർ നിർമ്മാണം | ലഭ്യമല്ല. | 81,445 | 0 | 81,445 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഹോമിയോ ആശുപത്രിക്ക് കുഴൽ കിണർ നിർമ്മാണം | ലഭ്യമല്ല. | 81,445 | 0 | 81,445 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതി | 15/9.8.17/ 17,500/- | 32,04,000 | 0 | 32,04,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതി | 9/17-18/ 28.6.17 | 4,49,415 | 0 | 4,49,415 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ എസ്.സി | 18/19-10-17/ 23/27-1-17 | 2,48,738 | 0 | 2,48,738 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 52,836/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 2015-16 | 3-6 | 13,550 | ആർ.രഞ്ജിനി | 117070100570 /06.5.17 |
| 2009-10 | 3-9 | 1,836 | അസിസ്റ്റന്റ് എഞ്ചിനീയർ | 117070101981/16.08.17 |
| 2014-15 | 3-3 | 2,950 | ഡോ.ബിൻസി, മെഡിക്കൽ ഓഫീസർ പി.എച്ച്.എസ്.സി | 1170101990/17.08.17 |
| 2015-16 | 3-9 | 34,500 | സെക്രട്ടറി | 117080900049/20.02.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-4 | 2007-08 | 3-6-1 | രേഖകൾ ഹാജരാക്കിയില്ല | ലഭ്യമല്ല. |
| 2005-06 | 3-4 | 2007-08 | 3-6-1 | രേഖകൾ ഹാജരാക്കിയില്ല | ലഭ്യമല്ല. |
| 2005-06 | 3-6 | 2007-08 | 3-6-1 | രേഖകൾ ഹാജരാക്കിയില്ല | ലഭ്യമല്ല. |
| 2014-15 | 2-5 | 2016-17 | 1 അനുബന്ധം 3 | വസ്തു നികുതി കുടിശ്ശിക | ആദ്യ മറുപടി സമർപ്പിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-6 | 2016-17 | 2 അനുബന്ധം 4 | തൊഴിൽ നികുതി കുടിശ്ശിക | ആദ്യ മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2014-15 | 3-20 | 2016-17 | 4-2-1 | ആസ്തി പരിപാലനം | ആദ്യ മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8,39,69,092 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,40,80,603 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 7,22,596 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 50,22,454 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | ---- | 4,99,732 | ശ്രീ.അനിൽ കുമാർ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | ---- | 2,09,302 | ശ്രീമതി ഇന്ദിര വി , ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-14 | ---- | 8,562 | ഡോ.ബി.എസ്. ബിൻസി മെഡിക്കൽ ഓഫീസർ അലോപ്പതി |
| 3-15 | ---- | 5,000 | ശ്രീമതി. ചിത്ര കെ. ആർ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 27,04,268 | ശ്രീ.അനിൽ കുമാർ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 2,48,738 | ശ്രീ.അനിൽ കുമാർ ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 2,00,000 | ശ്രീ.അജിത കുമാർ സി, സെക്രട്ടറി |
| | 29,900 | ശ്രീ. വിനയചന്ദ്രൻ വി.എസ്, സെക്രട്ടറി |
| 3-7 | 17,711 | ശ്രീ.അജിത കുമാർ സി, സെക്രട്ടറി |
| | 2,18,397 | ശ്രീ. വിനയചന്ദ്രൻ വി.എസ്, സെക്രട്ടറി |
| 3-12 | 14,84,690 | ശ്രീമതി.പ്രിയ എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | 68,750 | ശ്രീമതി. ചിത്ര കെ. ആർ, കൃഷി ഓഫീസർ |
| 3-16 | 50,000 | ശ്രീമതി. ചിത്ര കെ. ആർ,കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഇന്ദിര വി ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | വൃന്ദാവനം പകൽക്കുറി. പി ഒ, പള്ളിയ്ക്കൽ |
| ഡോ. ബി. എസ്. ബിൻസി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | കൽപ്പകവാടി |

| | | |
|---|---|---|
| പി.എച്ച്.സി | | അവന്നൂർ, കൊട്ടാരക്കര.പി.ഒ |
| ശ്രീമതി. ചിത്ര കെ. ആർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ | കണ്ണമത്ത് വീട് പെരുങ്കുളം |
| ശ്രീ.അനിൽ കുമാർ ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | യദുകുലം അമ്പലത്തുംകാല പി ഒ എഴുകോൺ |
| ശ്രീമതി. പ്രിയ എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മൈലം ഗ്രാമ പഞ്ചായത്ത് | മുളവൂരഴികം, അയത്തിൽ പി ഒ, കൊല്ലം |
| ശ്രീ.അജിത കുമാർ സി, സെക്രട്ടറി | ------- | മലയിൽ വൃന്ദാവൻ, പന്തപ്ലാവ്. പി ഒ പട്ടാഴി |
| ശ്രീ. വിനയചന്ദ്രൻ വി.എസ്, സെക്രട്ടറി | ------- | വിളയിൽ വീട് വെല്ലാർവട്ടം. പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി11-407(6)/18 തീ.23.02.18 |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി11-407(7)/18 തീ.23.02.18 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി11-407(8)/18 തീ.23.02.18 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി11-407(9)/18 തീ.23.02.18 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി11-407(10)/18 തീ.23.02.18 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി11-407(11)/18 തീ.23.02.18 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി11-407(12)/18 തീ.23.02.18 |

| | |
|---|---|
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി11-407(13)/18 തീ.23.02.18 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി11-407(14)/18 തീ.23.02.18 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി11-407(15)/18 തീ.23.02.18 |
| 2006-07 | എൽ.എഫ്.ക്യു.പി3/1395/14 തീ: 24.06.14 |
| 2007-08 | എൽ.എഫ്.ക്യു.പി3/1395/14 തീ: 24.06.14 |
| 2008-09 | എൽ.എഫ്.ക്യു.പി3/1395/14 തീ: 24.06.14 |
| 2009-10 | എൽ.എഫ്.ക്യു.പി3/1395/14 തീ: 24.06.14 |
| 2010-11 | എൽ.എഫ്.ക്യു.പി3/1395/14 തീ: 24.06.14 |
| 2011-12<br>2012-13 | കെ.എസ്.ഐ-കെ.എൽ.എം-പി3/1924/15 തീ: 06.02.16. |
| 2013-14<br>2014-15 | കെ.എസ്.ഐ-കെ.എൽ.എം-പി3/832/16 തീ: 23.05.16. |
| 2015-16 | കെ.എസ്.ഐ-കെ.എൽ.എം-പി3 1789/16-09-01-2017 |
| 2016-17 | കെ.എസ്.ഐ-കെ.എൽ.എം-പി11/ 1726/17, 28.10.2017 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2017-18

നം.കെ.എസ്.എ-കെ.എൽ.എം. പി.11-1944/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

പഴയ മുനിസിപ്പൽ ബിൽഡിംഗ്,

ചിന്നക്കട, കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി:13.3.2019

ഓഡിറ്റ് സാക്ഷ്യപത്രം 2017-18

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രേളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മൈലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 2

## സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം